1943
28/1/20

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – തലശ്ശേരി വിദ്യാഭ്യാസ ഉപജില്ലാ നീന്തൽ മത്സരത്തിനിടെ 14.08.2018 ൽ മുങ്ങിമരണപ്പെട്ട ഹൃത്വിക് രാജിന്റെ കുടുംബത്തിന് അധിക ധനസഹായം അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്**

**ജി.ഒ. (എം.എസ്) നമ്പർ. 32/2020/റവ. തിരുവനന്തപുരം, തീയതി, 17.01.2020**

---

പരാമർശം : 1. 09.05.2019 ലെ സ.ഉ (സാധാ) നം. 1101/19/റവ.

2. ശ്രീ. കെ.രാഗേഷ്, കാഞ്ഞിരമുള്ളതിൽ വീട്, പാറാൽ, കണ്ണൂർ ബഹു. മുഖ്യമന്ത്രി സമക്ഷം സമർപ്പിച്ച നിവേദനം.

3. 14.11.2019 ലെ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

തലശ്ശേരി വിദ്യാഭ്യാസ ഉപജില്ലാ നീന്തൽ മത്സരത്തിനിടെ 14.08.2018 ൽ മുങ്ങിമരണപ്പെട്ട ഹൃത്വിക് രാജിന്റെ കുടുംബത്തിന് പരാമർശം (1) പ്രകാരം 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച വിതരണം ചെയ്തിട്ടുള്ളതാണ്. എന്നാൽ മതിയായ സുരക്ഷാക്രമങ്ങൾ പാലിക്കാതെ മത്സരം നടത്തിയതിനാലാണ് അപകടമുണ്ടായതെന്നും, മകന്റെ മരണം കാരണം മാനസികമായും സാമ്പത്തികമായും തകർന്ന നിലയിലാണെന്നും, ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക ധനസഹായം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പിതാവായ ശ്രീ. കെ.രാഗേഷ് പരാമർശം (2) പ്രകാരം ബഹു. മുഖ്യമന്ത്രി സമക്ഷം അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഹൃത്വിക് രാജിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അധിക ധനസഹായമായി **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** കൂടി അനുവദിച്ച് ഉത്തരവാകുന്നു.

2.വിതരണത്തിനാവശ്യമായി വരുന്ന **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡോ. വി.വേണു**
**പ്രിൻസിപ്പൽ സെക്രട്ടറി**

ജില്ലാ കളക്ടർ, കണ്ണൂർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്
പൊതുഭരണ (എസ്. സി.) വകുപ്പ്
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്

ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ & സി) വകുപ്പുകൾ
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ